"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- മലപ്പുറം തിരുരങ്ങാടി ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത വിസി2/2014/എൻ.ആർ.കെ നമ്പർ വിജിലൻസ് കേസിന്റെ വസ്തുത റിപ്പോർട്ടിലെ ശുപാർശ പ്രകാരമുള്ള അച്ചടക്കനടപടി- ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.887/2026/LSGD തീയതി,തിരുവനന്തപുരം, 18-04-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 03.06.2021-ലെ C5-(VC2/2014/NRK) 44406/2015 നമ്പർ റിപ്പോർട്ട്
2. 06.12.2021-ലെ EWA2/79/2021-LSGD നമ്പർ കുറ്റപത്രവും കാരണം കാണിക്കൽ നോട്ടീസും
3. കാരണം കാണിക്കൽ നോട്ടീസിന് റിട്ട. ഓവർസിയർ ശ്രീ. വി.കെ. ബാലകൃഷ്ണൻ 15.02.2022 തീയതിയായി സമർപ്പിച്ച മറുപടി
4. കുറ്റപത്രത്തിന് ഓവർസിയർ ശ്രീ.ഹൈദർ അലി എം.പി. 12.07.2022 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക

**ഉത്തരവ്**

മലപ്പുറം തിരുരങ്ങാടി ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത വി.സി. 2/2014/എൻ.ആർ.കെ നമ്പർ വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയാക്കി വസ്തുത റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ പരാമർശം 1 പ്രകാരം ലഭ്യമാക്കി. ശ്രീമതി എം.എൻ. മൈമൂനത്ത്, ശ്രീ. കെ. ഹൈദ്രോസ്, ശ്രീ. ടോണി ജെ. വെട്ടിക്കാട്ടിൽ, ശ്രീ. കെ.ടി. അഹമ്മദ് കോയ, ശ്രീ. അബ്ദുൾ റസാഖ്, ശ്രീ. മജിദ്, ശ്രീ. മോയ്തീൻകുട്ടി ഹാജി, ശ്രീ. അബ്ദുറഹിമാൻ ഹാജി എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണം വിജിലൻസ് കണ്ടെത്തുകയും കേസിന്റെ അന്വേഷണത്തിൽ നിന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചാണ് മിക്കവാറും നിർമ്മാണ പ്രവൃത്തികൾ നടത്തിയതെന്നും കുറ്റാരോപിതരായ ഓഫീസർമാർ തങ്ങളുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായും കണ്ടെത്തിയിട്ടുണ്ട്.

**2.** തുടർന്ന്, വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ, കുറ്റാരോപിതരായ ഓവർസിയർ ശ്രീ. ഹൈദർ അലി എം.പി.(PEN-690701, DoR-30.04.2033)-ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും)

ചട്ടങ്ങളിലെ ചട്ടം 15 പ്രകാരവും റിട്ട. ഓവർസിയർ ശ്രീ. വി.കെ. ബാലകൃഷ്ണനെതിരെ (PEN-565244, DoR-30.06.2019) കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(d) പ്രകാരവും അച്ചടക്കനടപടി ആരംഭിച്ച് യഥാക്രമം കുറ്റപത്രം/ കുറ്റാരോപണപത്രിക, കാരണം കാണിക്കൽ നോട്ടീസ് എന്നിവ നൽകി. ആയതിന് കുറ്റാരോപിതർ കുറ്റങ്ങൾ നിഷേധിച്ചുകൊണ്ട് പ്രതിവാദപത്രിക / മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**3.** മേൽ സാഹചര്യത്തിൽ, അച്ചടക്ക നടപടി ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായി, ഓവർസിയർ ശ്രീ. ഹൈദർ അലി എം.പി.-ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരവും റിട്ട. ഓവർസിയർ ശ്രീ. വി.കെ. ബാലകൃഷ്ണനെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(d) പ്രകാരവും ഔപചാരിക അന്വേഷണം നടത്തുന്നതിനായി തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി പ്രിയങ്ക വി.എസ്. (PEN:606698)-നെ അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു.

**4.** 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual of Disciplinary Proceedings എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം / കുറ്റാരോപണപത്രിക, കാരണം കാണിക്കൽ നോട്ടീസ് എന്നിവയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ, അന്വേഷണ ഉദ്യോഗസ്ഥയുടെ അഭിപ്രായം എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥ 45 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി പ്രിയങ്ക വി.എസ്.(PEN:606698), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം.
2. ശ്രീ. ഹൈദർ അലി എം.പി.(PEN-690701), ഓവർസിയർ
3. ശ്രീ. വി.കെ. ബാലകൃഷ്ണൻ (PEN-565244), റിട്ട. ഓവർസിയർ, വാക്കെപ്പാടത്ത് കീക്കിത്തറ ഹസ്, അരിയല്ലൂർ പി.ഒ., മലപ്പുറം-676312

   **(1, 2, 3 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഈ ഉത്തരവുപ്രകാരമുള്ള അടിയന്തര നടപടിയ്ക്കായി)**
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
6. സ്റ്റോക്ക് ഫയൽ (EWA2/79/2021)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 18-04-2026 11:34:17

സെക്ഷൻ ഓഫീസർ